ഉത്തരം

(എ) 'ക്ലാസ് ഫോർ' ജീവനക്കാരെ 'ട്രേഡ്സ്മാൻ' ആയി തസ്തിക മാറ്റം വഴി നിയമനം നൽകിക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഏറ്റവും അവസാനമായി ഉത്തരവു പുറപ്പെടുവിച്ചത് 20-8-2004-ൽ ആണ്. (ഉത്തരവ് നം. ഇ.ബി.-3/8601/04 തീയതി 20-8-2004). ഈ പ്രൊമോഷന് ആധാരമായ ഒഴിവുകൾ ഉണ്ടായത് 27-2-2004-ൽ ആണ്. ഈ തീയതിക്കുള്ളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ പ്രൊബേഷൻ പൂർത്തിയാക്കിയ നിശ്ചിത യോഗ്യത ഉള്ളവരെയാണ് മേൽപ്പറഞ്ഞ ഉത്തരവിൽ പ്രൊമോഷനായി പരിഗണിച്ചത്. ശ്രീമതി യശോദയുടെ പ്രൊബേഷൻ 27-2-2004-ൽ പൂർത്തിയാകാത്തതിനാൽ അവരെ മേൽപ്പറഞ്ഞ ഉത്തരവിൽ പ്രൊമോഷന് പരിഗണിച്ചിട്ടില്ല.

(ബി) അടുത്ത പ്രൊമോഷനായി നിശ്ചിത യോഗ്യതയുള്ള ക്ലാസ് 4 ജീവനക്കാരിൽ നിന്നും ഉടൻ തന്നെ അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് മാത്രമേ ശ്രീമതി യശോദയുടെ അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

അനംഗീകൃത എയ്ഡഡ് സ്കൂളുകൾ

86 [2397] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-01 അദ്ധ്യയന വർഷം മുതൽ 2005-06 വരെ ഓരോ വർഷവും സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ 10 വരെ ക്ലാസ്സുകൾ ഓരോന്നിലും എത്ര വീതം കുട്ടികളാണ് പ്രവേശിപ്പിക്കപ്പെട്ടത് എന്നും ഇതിനു തൊട്ടുമുമ്പുള്ള വർഷത്തേക്കാൾ എത്ര ശതമാനം കുറവായിരുന്നു എന്നും വെളിപ്പെടുത്തുമോ;

(ബി) ഇതേ കാലയളവിൽ അംഗീകൃത/അനംഗീകൃത അൺ എയ്ഡഡ് സ്ഥാപനത്തിൽ ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിൽ ഓരോന്നിലും എത്ര കുട്ടികൾ വീതമാണ് പ്രവേശിപ്പിക്കപ്പെട്ടത് എന്നും ഇതിന് തൊട്ടു മുമ്പുള്ള വർഷത്തേക്കാൾ എത്ര ശതമാനം കൂടുതലായിരുന്നു എന്നും അറിയിക്കുമോ;

(സി) ഈ കാലയളവിൽ ഓരോ വർഷവും എത്ര അംഗീകൃത/അനംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവന്നത് എന്നും ഇത് മുൻവർഷത്തേതിനേക്കാൾ എത്ര ശതമാനം കൂടുതൽ/കുറവ് ആയിരുന്നുവെന്നും അറിയിക്കാമോ;

(ഡി) ഈ കാലയളവിൽ ഓരോ വർഷവും എത്ര അനംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങൾ അംഗീകാരത്തിനായി അപേക്ഷിച്ചിരുന്നുവെന്നും എത്ര വിദ്യാലയങ്ങൾക്ക് ഓരോ വർഷവും അംഗീകാരം നൽകിയിരുന്നു എന്നും ഇങ്ങനെ അംഗീകാരം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്നും അറിയിക്കാമോ;

(ഇ) അംഗീകാരം ലഭിക്കുന്നതിനായി എത്ര അനംഗീകൃത സ്ഥാപനങ്ങളുടെ അപേക്ഷകളാണ് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുള്ളതെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതുസംബന്ധിച്ചുള്ള വിവരം അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു. †

(ബി) അനംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ചുള്ള കണക്ക് ലഭ്യമല്ല. അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. †

(സി) അനംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല. അംഗീകൃത അൺഎയ്ഡഡ് സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. †

(ഡി) 2003-04 വർഷത്തിൽ 488 സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നു. 2004-05 വർഷത്തിൽ 10 സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ സ്കൂളുകൾ അതത് വിദ്യാഭ്യാസ ഓഫീസർമാർക്ക് അംഗീകാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. കെ. ഇ. ആർ. അദ്ധ്യായം 5 റൂൾ 17-ൽ പറയുന്ന നിബന്ധനകൾ പാലിച്ചെങ്കിൽ മാത്രമേ സ്കൂളുകൾക്ക് അംഗീകാരം നൽകുകയുള്ളൂ.

(ഇ) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

ക്ലാസ് മുറി നിർമ്മാണത്തിനും മെയിൻറനൻസിനുമായി വകയിരുത്തിയിട്ടുള്ള തുക

87 [2398] ശ്രീ. എം. വി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതി പ്രകാരം 2005-06 വർഷത്തേക്ക് സ്കൂളുകളിൽ അധിക ക്ലാസ് മുറി നിർമ്മാണത്തിനും മെയിൻറനൻസിനുമായി തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വർഷത്തേക്ക് എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ തുക സ്കൂളുകൾക്ക് വിഭജിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂളുകളുടെ ആവശ്യം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണ്;

(ഇ) സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കാൻ നിലവിലുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) പല ജില്ലകളിലും വേണ്ടത്ര പരിശോധന നടത്താതെയാണ് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly